**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4422** **25.06.2019-ൽ മറുപടിക്ക്**

**കോട്ടിക്കുളം റെയിൽവെ മേൽപ്പാലം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കാസർഗോഡ് ജില്ലയിലെ കോട്ടിക്കുളം റെയിൽവെ മേൽപ്പാലത്തിന് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ട് എത്ര മാസമായി; വിശദാംശം അറിയിക്കാമോ; | (എ) കാസർഗോഡ് ജില്ലയിലെ കോട്ടിക്കുളം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം സ.ഉ(സാധാ)നം.1324/2016/പൊ.മ.വ തീയതി 27/09/2016 പ്രകാരം ആർ.ബി.ഡി.സി.കെ-യെ ചുമതലപ്പെടുത്തുകയും, ആർ.ബി.ഡി.സി.കെ തയ്യാറാക്കി സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ടിന് 16/05/2017-ന് ഓർഡർ നം.എ.പി.ആർ-1/76/2017/കിഫ്ബി പ്രകാരം 19.60 കോടി രൂപയ്ക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. നിലവിൽ കോട്ടിക്കുളം റെയിൽവേ മേൽപ്പാലത്തിന് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ട് രണ്ട് വർഷമായി. |
| (ബി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യാൻ നിലവിലുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ ; | (ബി) കോട്ടിക്കുളം റെയിൽവെ മേൽപ്പാലത്തിന്റെ നിർമ്മാണം ആർ.ബി.ഡി.സി.കെ-യെ ചുമതലപ്പെടുത്തുന്നതിന് മുമ്പായി റെയിൽവേ പ്രസ്തുത മേൽപ്പാലത്തിനുവേണ്ടി ഭൂമി ഏറ്റെടുത്തിരുന്നു. റെയിൽവേ ഏറ്റെടുത്ത ഭൂമിയിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി, റെയിൽവേയുടെ അനുമതി ലഭിച്ചാൽ മാത്രമേ പ്രവൃത്തി ടെൻഡർ ചെയ്ത് മുന്നോട്ട് പോകാൻ കഴിയുകയുള്ളൂ. |
| (സി) തടസ്സങ്ങൾ നീക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) റെയിൽവേ ഏറ്റെടുത്ത ഭൂമിയിൽ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള അനുമതിയ്ക്കായി 16/02/2018-ൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് കത്ത് അയയ്ക്കുകയും മറുപടി ലഭിക്കാത്തിനെ തുടർന്ന് 17/07/2018 നും 04/08/2018 നും വീണ്ടും കത്തുകൾ അയക്കുകയും റെയിൽവേ മീറ്റിംഗുകളിൽ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിരുന്നു. തുടർന്ന് റെയിൽവേ ഏറ്റെടുത്ത ഭൂമിയ്ക്കുവേണ്ടി ചിലവാക്കിയ തുക തിരികെ |

നൽകാൻ സ്റ്റേറ്റ് ഗവൺമെന്റ് തയ്യാറാണോ എന്നറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് റെയിൽവേയിൽ നിന്ന് കത്ത് ലഭിക്കുകയും ഇതു സംബന്ധമായ തീരുമാനമെടുക്കുന്നതിനായി കിഫ്ബിയിയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് മറുപടി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ